## മുദ്രകൾ

# പണ്ഡിതന്റെ ആയുസ്സ്

**"യാങ്കിയേക്കാളും** സയണിസത്തേക്കാളും ഇസ്‌ലാമിന് അപകടകാരി. സലഫിസത്തിന്റെ കണ്ഠകോടാലി. നബികുടുംബത്തെ വെച്ചുപൊറുപ്പിക്കാത്തവൻ. നാഗരികതയുടെ ശത്രു. സ്ത്രീക്കും അവകാശങ്ങളോ എന്നു ചോദിക്കുന്നവൻ" സകല മുക്കുമൂലകളിൽ നിന്നും യൂസുഫുൽ ഖറദാവിക്കെതിരെ ആരോപണങ്ങളുടെ പെരുമഴ. ജിന്നുകളിലും മനുഷ്യരിലും പെട്ട പിശാചുക്കളെല്ലാം ഹാജരുണ്ട്, ആരോപണങ്ങൾക്ക് കൊഴുപ്പേറ്റാൻ. ഖറദാവി ഓരോ ആരോപണത്തിനും തന്റെ സ്വതസിദ്ധമായ മിതവും പക്വവുമായ ശൈലിയിൽ മറുപടി പറയുന്നു. ആരോപണങ്ങളുടെയെല്ലാം മുനയൊടിക്കുന്നു. പിശാചുക്കളുടെ നേതാവ് ഇബ്‌ലീസ് നിന്ന് വിയർക്കുകയാണ്. ഖറദാവിയെ ഉന്മൂലനം ചെയ്യുകയല്ലാതെ മറ്റു മാർഗമൊന്നുമില്ലെന്ന് ഇബ്‌ലീസ്. അപ്പോൾ ഖറദാവി: "യൂസുഫ് മരിക്കില്ല. പിശാച് കളി തുടർന്നാലും യൂസുഫ് അതിജീവിക്കും. ദുൻയാവിലെ എല്ലാ ഇബ്‌ലീസുകളോടും ഞാൻ ചോദിക്കട്ടെ: പണ്ഡിതന്മാർ മരിക്കുമോ? കൊല നടത്തിയാൽ പണ്ഡിതൻ മരിച്ചു പോകുമെന്ന് കരുതുന്നത് വങ്കത്തമാണ്. അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം പണ്ഡിതൻ ജീവിക്കും... പണ്ഡിതന്റെ ആയുസ്സ് സാധാരണക്കാരന്റെ ആയുസ്സ് പോലെയല്ല.... ആയിരം വർഷം, രണ്ടായിരം വർഷം, മൂവ്വായിരം വർഷം... അങ്ങനെ ദൈവം ഇഛിക്കുന്ന കാലമത്രയും പണ്ഡിതൻ ജീവിക്കും."



■ വജ്ദി അൽഅറബി

ഇതോടെ കർട്ടൻ താഴുന്നു. ഡോ. ഖറദാവിയുടെ ബഹുമാനാർഥം ദോഹയിലെ മർകസുശ്ശബാബ് അവതരിപ്പിക്കുന്ന നാടകത്തിന്റെ സംഗ്രഹമാണിത്. ജീവിച്ചിരിക്കുന്ന ഒരു പണ്ഡിതനെക്കുറിച്ച് അറബിയിൽ ഇങ്ങനെയൊരു നാടകം ഇതാദ്യമായിട്ടായിരിക്കും. ഖറദാവിയുടെ ജീവചരിത്രമല്ല, അദ്ദേഹം നേരിടുന്ന ആരോപണങ്ങളുടെ വിചാരണയാണ് നാടകത്തിന്റെ മർമമെന്ന് നാടകകൃത്ത് അബ്ദുസ്സലാം ബസ്‌യൂനി പറയുന്നു. ഈജിപ്ഷ്യൻ നടൻ വജ്ദി അൽഅറബിയാണ് നാടകത്തിൽ ഖറദാവിയെ അവതരിപ്പിക്കുന്നത്. ■

# വരുന്നു, ഹലാൽ കമ്പോളം

**ഇസ്‌ലാമിക്** ബാങ്കിംഗിനെപ്പോലെ അമ്പരപ്പിക്കുന്ന വളർച്ചയാണ് ഹലാൽ ഫുഡ് വ്യവസായം കൈവരിച്ചുകൊണ്ടിരിക്കുന്നത്. പന്നിയിറച്ചിയോ പന്നിക്കൊഴുപ്പോ മദ്യമോ കലരാത്ത, തീർത്തും ഇസ്‌ലാമികമായ രീതിയിൽ തയാറാക്കുന്ന ഭക്ഷ്യവിഭവങ്ങളാണ് ഹലാൽ ഫുഡ് ഇൻഡസ്ട്രി എന്ന പേരിൽ അറിയപ്പെടുന്നത്. ശരീഅത്ത് വിധിയനുസരിച്ച് അറുത്ത കാലികളുടെ മാംസം മാത്രമാണ് ഹലാൽ മാർക്കറ്റിൽ എത്തുക. വാസനാ തൈലങ്ങൾ മുതൽ ഹോട്ടൽ സേവനം വരെ ഇതിലുൾപ്പെടും. ക്വാലാലമ്പൂരിൽ നിന്നിറങ്ങുന്ന *ഹലാൽ ജേർണലി*ന്റെ കണക്കനുസരിച്ച് 632 ബില്യൻ ഡോളറിന്റെ കച്ചവടമാണ് ഓരോ വർഷവും ഈ മേഖലയിൽ നടക്കുന്നത്. ആഗോള ഭക്ഷ്യക്കമ്പോളത്തിന്റെ 16 ശതമാനം വരുമിത്.




സംഗതി ഹലാൽ ഭക്ഷണമാണെങ്കിലും ഈ വൻമാർക്കറ്റിന്റെ നിയന്ത്രണം മുസ്‌ലിംകൾക്കല്ല എന്നതാണ് വസ്തുത. ടെസ്കോ, മക്ഡൊണാൾഡ്, നെസ്‌ലെ തുടങ്ങിയ വൻകിട ബഹുരാഷ്ട്ര കമ്പനികളാണ് ഹലാൽ ഫുഡ് വ്യവസായത്തിന്റെ 90 ശതമാനവും കൈയടക്കി വെച്ചിരിക്കുന്നത്. ഇതിന്റെ മുഖ്യ ഉപഭോക്താക്കളായ 1.6 ബില്യൻ വരുന്ന ആഗോള മുസ്‌ലിം സമൂഹത്തിന്റെ നല്ലൊരു പങ്ക് യുവാക്കളാണ് എന്നതും മുമ്പത്തേക്കാൾ മുസ്‌ലിംകളുടെ വാങ്ങൽ ശേഷി വർധിച്ചിട്ടുണ്ട് എന്നതും വ്യവസായികളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നു. ഹലാൽ ഫുഡ് ഉപഭോക്താക്കളിൽ മുസ്‌ലിംകളല്ലാത്തവരുടെ എണ്ണം വർധിച്ചുവരുന്നതും അവർക്ക് പ്രതീക്ഷ നൽകുന്നു. അറേബ്യൻ ഗൾഫിലെ ജൗഹറ ഹോട്ടൽ ശൃംഖലയിലെ ഹലാൽ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നവരിൽ 60 ശതമാനം അമുസ്‌ലിംകളാണ്. മറ്റു കമ്പോളങ്ങളേക്കാൾ ഇതിന് വിശ്വാസ്യതയുണ്ട് എന്നതാണ് കാരണം.

മുസ്‌ലിം ജീവിതശൈലി മുഖ്യധാരയെ സ്വാധീനിക്കുന്നതിന്റെ തെളിവായി ഹലാൽ ഭക്ഷണ-സേവന മേഖലയുടെ വളർച്ചയെ കാണാമെന്ന് ബ്രിട്ടീഷ് മുസ്‌ലിംകൾ പുറത്തിറക്കുന്ന Emel എന്ന മാസികയുടെ പത്രാധിപർ സാറാ ജോസഫ് പറയുന്നു. ബ്രിട്ടീഷ് മധ്യവർഗത്തിൽ ഏറ്റവും കൂടുതൽ വളർച്ചയുള്ളത് മുസ്‌ലിംകൾക്കാണ്. അവരുടെ ആവശ്യങ്ങൾ കണ്ടറിയാൻ വ്യവസായികൾ നിർബന്ധിതരാകുന്നത് അതുകൊണ്ടാണ്.

ഹലാൽ ഫുഡ് വ്യവസായത്തെ കുറിച്ച് വിശദമായ റിപ്പോർട്ടുണ്ട് *ടൈം* വാരികയിൽ (2009 മെയ് 25). ■


മുദ്രകൾ

# പാർലമെന്റിലും ക്രോർപതികളുടെ കാലം

**2009ലെ** ഇന്ത്യൻ പാർലമെന്റ് തെരഞ്ഞെടുപ്പിനെ നിശിതമായി നിരൂപണം ചെയ്യുന്നുണ്ട് നാഷനൽ ഇലക്ഷൻ വാച്ച് (NEW) പുറത്തിറക്കിയ റിപ്പോർട്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 1200 സിവിൽ സൊസൈറ്റി ഗ്രൂപ്പുകളുടെ പൊതുവേദിയാണ് 'ന്യൂ.' പതിനഞ്ചാം ലോക്സഭയിലെ എം.പിമാരെക്കുറിച്ചുള്ള പ്രത്യേക പഠനമാണ് റിപ്പോർട്ടിന്റെ സവിശേഷത. ലോക്സഭയിലെത്തിയ 543 എം.പിമാരുടെ മൊത്തം ആസ്തി 28 ബില്യൻ രൂപയാണത്രെ. ഇതിൽ 64 മന്ത്രിമാർക്ക് മാത്രമായി 5 ബില്യൻ രൂപയുടെ സ്വത്തുണ്ട്. സ്ഥാനാർഥിയുടെ പണക്കരുത്തും വിജയസാധ്യതയും തമ്മിലുള്ള ബന്ധം ഇത്രയേറെ ശക്തിപ്പെട്ട മറ്റൊരു തെരഞ്ഞെടുപ്പ് ഉണ്ടായിട്ടില്ല എന്നാണ് 'ന്യൂ' അണിയറശിൽപികളുടെ നിഗമനം.

നിങ്ങൾ 50 മില്യൻ രൂപയുടെ സ്വത്തുള്ള ഒരു സ്ഥാനാർഥിയാണെങ്കിൽ, ഒരു മില്യൻ രൂപയിൽ താഴെ സ്വത്തുള്ള സ്ഥാനാർഥിയേക്കാൾ നിങ്ങളുടെ വിജയസാധ്യത 75 ഇരട്ടി കൂടുതലാണ്. 64 മന്ത്രിമാരിൽ 23 പേരും 50 മില്യന് മുകളിൽ സ്വത്തുള്ളവരാണെന്ന് ഓർക്കണം. 29 പേർ 5-50 മില്യൻ കാറ്റഗറിയിൽ പെടുന്നവർ. ബാക്കിയുള്ളവർ 1-5 മില്യൻ വിഭാഗത്തിൽ പെടുന്നവർ. ഇവരാണ് മന്ത്രിസഭയിലെ 'ബി.പി.എൽ'! അടുത്ത അഞ്ചു വർഷത്തിനകം അവർ എ.പി.എല്ലും അതിനപ്പുറവും എത്തിയിട്ടുണ്ടാവും. ഒരു മില്യനിൽ കുറഞ്ഞ സ്വത്തുള്ള ഒരാൾ മാത്രമേ മന്ത്രിസഭയിലുള്ളൂ.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒരു മില്യൻ രൂപയേക്കാൾ കുറഞ്ഞ ആസ്തിയുള്ള 3,437 സ്ഥാനാർഥികൾ മത്സരരംഗത്തുണ്ടായിരുന്നു. ഇവരിൽ 15 പേര് മാത്രമാണ് വിജയിച്ചത്- 0.44 ശതമാനം മാത്രം. എന്നാൽ 1-5 മില്യൻ വിഭാഗത്തിലെ 1,785 സ്ഥാനാർഥികളിൽ 116 പേർ വിജയിച്ചു- 6 ശതമാനം. 5-50 മില്യൻ വിഭാഗത്തിലെത്തുമ്പോൾ വിജയശതമാനം 19 ആയി ഉയരുന്നു. 50 മില്യന് മുകളിൽ ആസ്തിയുള്ള 322 സ്ഥാനാർഥികളിൽ 106


300 crorepati MPs in new Lok Sabha

പേരും വിജയിച്ചു. വിജയശതമാനം 33! ആസ്തി കൂടുന്നതിനനുസരിച്ച് വിജയസാധ്യത കുത്തനെ ഉയരുന്നതാണ് നാമിവിടെ കണ്ടത്.

കഴിഞ്ഞ ലോക്സഭയിൽ കോടിപതികൾ 154 ആയിരുന്നെങ്കിൽ ഇപ്പോഴത് ഇരട്ടിയായി- 306. കോടീശ്വരന്മാർ അധികവും 'ആം ആദ്മി'യുടെ പാർട്ടിയായ കോൺഗ്രസ്സിൽനിന്നുതന്നെ- 141. ബി.ജെ.പി 58 കോടീശ്വരന്മാരുമായി രണ്ടാം സ്ഥാനത്ത്. ഇടതുപക്ഷത്തിന്റെ പ്രകടനം അത്യന്തം നിരാശാജനകം-24 എം.പിമാരിൽ കോടീശ്വരൻ ഒരാൾ മാത്രം!

836 മില്യൻ മനുഷ്യർക്ക് ഒരു ദിവസം 20 രൂപ പോലും വരുമാനമില്ലാത്ത ഒരു രാജ്യത്തിന്റെ പരമോന്നത സഭയിലാണ് ക്രോർപതികളുടെ കളി. വിശന്ന് പൊരിയുന്ന 88 രാജ്യങ്ങളിൽ നമ്മുടെ സ്ഥാനം 66. സിംബാബ്‌വെയുടെ തൊട്ടുമുകളിൽ. മനുഷ്യ വിഭവ വികസന പട്ടികയിൽ നാം താഴോട്ട് പോയി 132-ാം സ്ഥാനത്ത് എത്തിനിൽക്കുന്നു. ഭൂട്ടാനേക്കാൾ ചുവടെ. ആഗോളവത്കരണവും ഉദാരവത്കരണവും രാജ്യത്തിന് സമ്മാനിച്ചതെന്ത് എന്നതിന്റെ നേർചിത്രമാണ് പുതിയ ലോക്സഭയെന്ന് 'ന്യൂ' റിപ്പോർട്ട് അവലോകനംചെയ്ത് പ്രമുഖ പത്രപ്രവർത്തകൻ പി. സായിനാഥ് (*ദ ഹിന്ദു*, 2009 ജൂൺ 20). ■


**ജമാഅത്തെ ഇസ്‌ലാമി വനിതാ സമ്മേളനം**
**എംബ്ലം ക്ഷണിക്കുന്നു**

2010 ജനുവരിയിൽ നടക്കുന്ന ജമാഅത്തെ ഇസ്‌ലാമി വനിതാ സംസ്ഥാന സമ്മേളനത്തിന് അനുയോജ്യമായ എംബ്ലം ക്ഷണിക്കുന്നു.

'സാമൂഹ്യ വിപ്ലവത്തിന് സ്ത്രീശക്തി' എന്നതാണ് പ്രമേയം. തെരഞ്ഞെടുക്കപ്പെടുന്ന എംബ്ലത്തിന് ആകർഷകമായ സമ്മാനം നൽകുന്നതാണ്. എൻട്രികൾ ജൂലൈ 10ന് മുമ്പ് താഴെ വിലാസത്തിൽ അയക്കണം.

**കൺവീനർ, ജമാഅത്തെ ഇസ്‌ലാമി വനിതാ സംസ്ഥാന സമ്മേളനം, ഹിറാസെന്റർ, പി.ബി. നമ്പർ: 833, മാവൂർ റോഡ്, കോഴിക്കോട്-4**